

മലർവാടി
സ്കൂൾ മുറ്റം

# വായിച്ച് വായിച്ച് നമുക്ക് വളരാം

• ഹന്ന സിത്താര വാഹിദ്

വായിക്കണം എന്ന് കൂട്ടുകാരോട് മുതിർന്നവരെല്ലാം എപ്പോഴും പറയാറില്ലേ. വായനയുടെ പ്രാധാന്യത്തെ കുറിച്ച് പലരും പ്രസംഗിക്കുന്നതും കൂട്ടുകാർ കേട്ടിരിക്കും. നമ്മളും നമ്മുടെ വീട്, സ്കൂൾ, അയൽക്കാർ തുടങ്ങിയ കാര്യങ്ങളൊക്കെയാണല്ലോ നമുക്കറിവുള്ളത്. കാണുന്ന ആളുകളുടെ പ്രത്യേ കതകളും സ്വഭാവങ്ങളും അവരുടെ ജീവിതരീതികളുമെല്ലാമാണ് നമ്മുടെ അറിവ്. അതിനും അപ്പുറമുള്ള ഒരു ലോകം നമ്മൾ അനുഭവിക്കുന്നത് വായനയിലൂടെയും മറ്റുമാണ്. വേറെ ഏതൊക്കെയോ രാജ്യങ്ങളും സ്ഥലങ്ങളും അവിടുത്തെ ആളുകളും രീതികളുമെല്ലാം നമുക്ക് പുസ്തകങ്ങൾ വായിക്കുക വഴി കിട്ടുന്നു. നമ്മുടെ ലോകം അങ്ങനെ വിശാലമാകുന്നു. ഒരുപാട് വായിക്കുമ്പോൾ നമ്മുടെ മനസ്സും വിശാലമാകുന്നു.

ഓരോ കാര്യങ്ങൾ അറിയുംതോറും നമ്മുടെ അറിവില്ലായ്മ നമുക്ക് ബോധ്യപ്പെടും. അങ്ങനെ നമുക്ക് വിനയം വരും. വായന നമ്മിൽ അങ്ങനെ ഒരുപാട് മാറ്റങ്ങൾ കൊണ്ടുവരും. കൂട്ടുകാരോട് ചില പുസ്തകങ്ങളെ കുറിച്ചാണ് പറയാൻ പോകുന്നത്. കൂടുതൽ പുസ്തകങ്ങളെ കുറിച്ച് വീട്ടുകാരോടും അധ്യാപകരോടുമെല്ലാം അന്വേഷിക്കണം കേട്ടോ.

## ടോട്ടോചാൻ

തെത്സുകോ കുറയോനഗി എഴുതിയ നോവലാണ് ടോട്ടോചാൻ. ടോട്ടോചാൻ വികൃതിയായ പെൺകുട്ടിയാണ്. അവളെ സ്കൂളിൽ നിന്ന് പുറത്താക്കുന്നിടത്താണ് കഥ തുടങ്ങുന്നത്. സ്കൂളിലെ അധ്യാപകർക്കെ






ല്ലാം അവളെ കുറിച്ച് മോശം അഭിപ്രായമായിരുന്നു. ഇത്തരം കുട്ടികളെ ഈ സ്കൂളിൽ പഠിപ്പിക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് അധ്യാപകർ അവളുടെ അമ്മയോട് പറഞ്ഞു. അങ്ങനെ അവളെ ടോമോ വിദ്യാലയത്തിൽ ചേർക്കുകയാണ്.


അവിടുത്തെ കൊബായഷി മാസ്റ്റർ അവൾ പറയുന്നതെല്ലാം കേട്ടു. പിന്നെ അവളോട് മോളേ, നീ നല്ല കുട്ടിയാണെന്ന് പറഞ്ഞു. അത് അവളിൽ സന്തോഷമുണ്ടാക്കി. താൻ നല്ല കുട്ടിയാണെന്ന് കേൾക്കാൻ ഏത് കുട്ടിക്കാണ് ആഗ്രഹമില്ലാതിരിക്കുക.. ടോമോ വിദ്യാലയം തികച്ചും വ്യത്യസ്തമായിരുന്നു. ഗെയിറ്റിനു പകരം രണ്ട് മരങ്ങൾ. തീവണ്ടിയുടെ ആകൃതിയിലുള്ളതാണ് ക്ലാസ് മുറികൾ. അവിടുത്തെ മൽസരങ്ങൾ വരെ ആകർഷകമായിരുന്നു. അവിടെ അവൾ മിടുക്കിയായി വളരുന്നതാണ് കഥ.

## സ്വാമിയും കൂട്ടുകാരും




ആർ.കെ നാരായണൻ എഴുതിയ പുസ്തകമാണിത്. പത്ത് വയസ്സുകാരനായ സ്വാമിയുടെയും അവന്റെ കൂട്ടുകാരായ സോമു, രാജം മണിയുടെയും സ്കൂൾ ജീവിതവും മറ്റുമാണ് ഈ നോവലിൽ. മാൽഗുഡി എന്ന സാങ്കൽപിക ഗ്രാമത്തിലാണ് കഥ നടക്കുന്നത്. കർക്കശക്കാരനായ അച്ഛന്റെ മകനാണ് സ്വാമി. അച്ഛനും അമ്മയും അമ്മൂമ്മയും അനിയനുമടങ്ങുന്നതാണ് സ്വാമിയുടെ കുടുംബം. സ്കൂളിൽ പോകാൻ മടിയനായ സ്വാമി എടുക്കുന്ന പല അടവുകളും മറ്റും രസകരമായി പുസ്തകത്തിൽ പറയുന്നുണ്ട്. ഇംഗ്ലീഷിൽ എഴുതിയ പുസ്കത്തിന് മലയാള പരിഭാഷയും ലഭ്യമാണ്.

## റസ്റ്റിയുടെ സാഹസങ്ങൾ




റസ്കിൻ ബോണ്ടിന്റെ പുസ്തകമാണിത്. അദ്ദേഹത്തിന്റെ തന്നെ ചെറുപ്പത്തിലെ കഥയാണിത്. ഡെറാഡൂണിലെ അമ്മൂമ്മയുടെ കൂടെയാണ് റസ്റ്റി താമസിച്ചിരുന്നത്. അമ്മൂമ്മയുടെ രുചികരമായ ഭക്ഷണത്തെ കുറിച്ചും അവിടെയുള്ള അങ്കിൾ കെന്നിനെ കുറിച്ചുമെല്ലാം പറയുന്നു.


ബോർഡിംഗ് സ്കൂളിലാണ് റെസ്റ്റി പഠിച്ചത്. അങ്കിൾ കെൻ, ഒളിച്ചോട്ടം എന്നിങ്ങനെ രണ്ട് ഭാഗമാണ് പുസ്തകത്തിൽ. ആദ്യഭാഗത്ത് ഡെറാഡൂണിലെ നാടിനെയും ജീവിതത്തെയും കുറിച്ച് പറയുന്നു. രണ്ടാംഭാഗത്ത് സ്കൂളിൽ നിന്ന് രക്ഷപ്പെടാനായി റസ്റ്റിയും സുഹൃത്തും ഒളിച്ചോടാനൊരുങ്ങുന്നതിനെ കുറിച്ചുമാണ്. പോർട്ടിൽ ചെന്ന് കപ്പൽ കേറി നാടുവിടാനായിരുന്നു അവരുടെ പ്ലാൻ. വായിച്ചിരിക്കാൻ ഏറെ രസകരമാണീ പുസ്തകം.

## ഉണ്ണിക്കുട്ടന്റെ ലോകം

ആദ്യമായി സ്കൂളിൽ പോകുമ്പോഴുള്ള കൗതു




കങ്ങൾ എന്തു മനോഹര മായിരിക്കും അല്ലേ..! എല്ലാ വർക്കും മനസ്സിലുണ്ടാകും ആദ്യമായി സ്കൂളിൽ പോയ ദിവസത്തെ ഓർമ കൾ. കൂട്ടുകാരും അധ്യാപ കരും കരച്ചിലും പേടിയും പുതിയ ചുറ്റുപാടുകളു മെല്ലാം അതേപോലെ




നമ്മുടെ മനസ്സിൽ വരും, നന്തനാറുടെ ഉണ്ണിക്കുട്ടന്റെ ലോകം എന്ന നോവൽ വാ യിക്കുമ്പോൾ. ചെടികളും മരങ്ങളുമെല്ലാം തന്നോട് കഥ പറയുന്നതായി ഉണ്ണി ക്കുട്ടന് തോന്നുന്നു.

കാണുന്ന ഓരോ കാഴ്ച കളിലൂടെയും ഉണ്ണിക്കുട്ടൻ വളരുകയാണ്. അച്ഛനും അമ്മയും കുട്ട്യേട്ടനും അമ്മിണിയും മുത്തച്ഛനും മുത്തശ്ശിയും കുട്ടൻനായരു മെല്ലാമായിരുന്നു അവന്റെ ലോകം. സ്കൂളിലെത്തിയ പ്പോൾ പുതിയൊരു ലോ കവും കാഴ്ചയും അവൻ കാണുകയാണ്. ചെറിയ മനസ്സിന്റെ തോന്നലുകൾ മനോഹരമായി വിവരിക്കു




ന്നു ഈ പുസ്തകത്തിൽ.

## ബ്ലാക്ക് ബ്യൂട്ടി


ഇംഗ്ലീഷ് എഴുത്തുകാ രിയായ അന്ന സെവലി ന്റെ നോവലാണ് ബ്ലാക്ക് ബ്യൂട്ടി. 1877-ലാണ് ഈ പുസ്തകമെഴുതുന്നത്. ഈ പുസ്തകം പെട്ടെന്നു തന്നെ ബെസ്റ്റ് സെല്ലറായി. പുസ്തകം പ്രസിദ്ധീകരി ച്ച് അഞ്ചുമാസം കഴിഞ്ഞ പ്പോൾ അവർ മരണപ്പെടുക യും ചെയ്തു.

ബ്ലാക്ക് ബ്യൂട്ടി എന്ന കു തിരയുടെ ഓർമ്മകൾ എന്ന പോലെയാണ് പുസ്തകം രചിച്ചിരിക്കുന്നത്. തന്റെ അമ്മയോടൊപ്പം ഒരു ഫാമിലായിരുന്നു ബ്ലാക്ക് ബ്യൂട്ടി. സന്തോഷം നിറ ഞ്ഞതായിരുന്നു അവന്റെ കുട്ടിക്കാലം. പിന്നീട് ജീവി തത്തിലുണ്ടാകുന്ന പ്രശ്ന ങ്ങളും മറ്റുമെല്ലാം അവൻ പറയുന്നു. ഒരു കുതിരയു ടെ ജീവിതത്തിലൂടെ എങ്ങ നെയാണ് മൃഗങ്ങളെ പരി പാലിക്കേണ്ടത് എന്നുമെ ല്ലാം വായനക്കാരെ പഠിപ്പി ക്കുകകൂടി ചെയ്യുകയാണ്

ഈ നോവൽ. കുതിരയുടെ സ്വഭാവമെല്ലാം കൃത്യമായി മനസ്സിലാക്കിയാണ് അന്ന സെവൽ പുസ്തകമെഴുതിയിരിക്കുന്നത്.

## ദ അഡ്വഞ്ചേഴ്സ് ഓഫ് ടോം സോയർ

അമേരിക്കൻ സാഹിത്യകാരനായ മാർക്ക് ട്വയിനിന്റെ നോവലാണ് ദി അഡ്വഞ്ചേഴ്സ് ഓഫ് ടോം സോയർ. ടോം സോയർ എന്ന കുട്ടിയുടെ കഥയാണിത്. നല്ല വികൃതിയാണവൻ. എപ്പോഴും എന്തെങ്കിലും കാരണം പറഞ്ഞ് അവൻ സ്കൂളിൽ പോകില്ല. അപ്പോൾ അമ്മായി അവനോട് കയർക്കും. ശിക്ഷയായി അവനോട് മതിലിൽ വൈറ്റ് വാഷ് ചെയ്യാൻ പറയും. ഈ ജോലി നല്ല രസമാണെന്ന മട്ടിൽ




അവൻ കൂട്ടുകാരോട് അഭിനയിക്കും. അപ്പോൾ അവർക്ക് വൈറ്റ് വാഷ് ചെയ്യാൻ തോന്നും. ടോം സോയർ അവരിൽ നിന്ന് എന്തെങ്കിലുമൊക്കെ പ്രതിഫലം വാങ്ങി അവർക്ക് വൈറ്റ് വാഷ് ചെയ്യാൻ അവസരം നൽകും. അങ്ങനെ പലതരത്തിലാണ് ടോമിന്റെ സൂത്രവിദ്യകൾ. 1876-ലാണ് ഈ നോവൽ പ്രസിദ്ധീകരിക്കുന്നത്. അക്കാലത്തെ കുട്ടികളുടെ സ്വപ്നവും അഭിരുചിയുമെല്ലാം ഈ നോവലിലുണ്ട്.

കൂടുതൽ വായിക്കണം എന്ന ആഗ്രഹമുണ്ടാക്കാൻ വേണ്ടി കുറച്ച് പുസ്തകങ്ങളെ കുറിച്ചാണ് ഇവിടെ പറഞ്ഞത്. കൂട്ടുകാർക്ക് ചെറിയൊരു പ്രൊജക്റ്റ് തരാം. നിർബന്ധമായും വായിക്കേണ്ട പുസ്തകങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കൂ. അധ്യാപകരോടും രക്ഷിതാക്കളോടുമെല്ലാം അന്വേഷിക്കാം. അവ ലൈബ്രറികളിൽ നിന്നെടുത്തും, അവിടെയില്ലാത്തവ വാങ്ങിച്ചുമെല്ലാം വായിക്കാൻ ശ്രമിക്കുക. ഓരോ പുസ്തകം വായിക്കുംതോറും നിങ്ങളുടെ ചിന്താലോകങ്ങൾ വികസിക്കുന്നത് കാണാം.

വായിച്ച് വായിച്ച് നമുക്ക് വളരാം കൂട്ടുകാരേ..

•

